"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - വയനാട് ജില്ലയിലെ തോമാട്ടുചാൽ വില്ലേജാഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി അയിഷ കെ.എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A. (EKM) 1808/2022 നമ്പർ കേസിലെ 06.12.2022 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.270/2023/RD തീയതി,തിരുവനന്തപുരം, 30-11-2023

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 09.02.2010 ലെ സ.ഉ.(പി) നം.61/2010/ധന നമ്പർ സർക്കാർ ഉത്തരവ്.
3. ശ്രീമതി അയിഷ കെ.എസ്. 04.11.2022 ൽ സമർപ്പിച്ച നിവേദനം.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 06.12.2022 ലെ O.A. (EKM) 1808/2022 നമ്പർ കേസിലെ ഉത്തരവ്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.03.2023, 07.06.2023 എന്നീ തീയതികളിലെ എൽ.ആർ.334/2023-എൽ.ആർ.(എൻ3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി അയിഷ കെ.എസ്. വയനാട് ജില്ലയിലെ തോമാട്ടുചാൽ വില്ലേജാഫീസിൽ 1995 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നു. ടി വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെയായിരുന്നതിനാൽ അപേക്ഷകയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ റഗുലറൈസ് ചെയ്തിരുന്നില്ല. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 2003 ഒക്ടോബർ 22 ലെ WP(C) No. 22759/2003(H) നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം നൽകി വരുന്നു. 2015-ൽ പ്രസ്തുത ഓഫീസിൽ അധിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിനെ തുടർന്ന് ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ സുൽത്താൻബത്തേരി PWD കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ 128.64 ച.മീ. ആണെന്ന് 05.09.2016 ൽ സാക്ഷ്യപ്പെടുത്തിയിരുന്നു. ആയതിനാൽ പ്രസ്തുത ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി അയിഷ കെ.എസ്. സർക്കാർ മുമ്പാകെ പരാമർശം (3) പ്രകാരം ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) 1808/2022 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു. ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവിൽ, അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A4 നിവേദനം പരിഗണിച്ച് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്ന് മാസത്തിനകം ടിയാരിയെ നേരിൽ കേട്ട് പരാമർശം (1) (അനക്സർ

എ 2), പരാമർശം (2) (അനക്സർ എ 3) സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് ടി നിവേദനത്തിന്മേൽ നിയമാനുസൃതം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2) ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ വയനാട് ജില്ലാ കളക്ടറുടെയും ലാൻഡ് റവന്യൂ കമ്മീഷണറുടെയും പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ 29.03.2023 ന് നേരിൽ കേട്ടു. 100 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ജോലി ചെയ്തുവരുന്നവർക്കു സ്ഥിരപ്പെടുത്തലിന് അർഹതയുള്ളതിനാൽ താൻ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ഇതുവരെ ആയതിൽ തീരുമാനമുണ്ടായില്ല എന്നും തന്നെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നുമുള്ള പരാമർശം (3) (Annexure A4) നിവേദനത്തിലെ ആവശ്യം ഹിയറിങ് വേളയിലും ടിയാരി ആവർത്തിച്ചു.

3) ബഹു. കേരള ഹൈക്കോടതിയുടെ 2003 ഒക്ടോബർ 22 ലെ WP(C) 22759/2003 (H) നമ്പർ ഉത്തരവ് പ്രകാരം ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ശമ്പളം നൽകി വരുന്നുണ്ടെങ്കിലും മറ്റാനുകൂല്യങ്ങളൊന്നും നൽകി വരുന്നില്ലെന്നും 05/09/2016 മുതലാണ് തോമാട്ടുചാൽ വില്ലേജ് ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച.മീ. അധികരിച്ചിട്ടുള്ളതെന്നും ഒരു മുറി, ഹാൾ, ബാത്ത് റൂം എന്നിവ പഴയ വില്ലേജ് ഓഫീസ് കെട്ടിടത്തിനോട് കൂട്ടിച്ചേർത്തതിനാലാണ് ഏര്യയിൽ ഇപ്രകാരം വർദ്ധനവ് വന്നിട്ടുള്ളതെന്നും പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി തോമാട്ടുചാൽ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ടി വില്ലേജ് ഓഫീസിന്റെ നിലവിലെ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് സഹിതം പരാമർശം (5) പ്രകാരം കമ്മീഷണർ ലഭ്യമാക്കുകയും ചെയ്തു.

4) പരാമർശം (1), (2) സർക്കാർ ഉത്തരവുകളുടെയും ബഹു. ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ തൊമ്മാട്ടുചാൽ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അയിഷ കെ.എസ്. നെ ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 100 ച. മീ. അധികരിച്ച തീയതിയായ 05.09.2016 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചും, തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
ശ്രീമതി അയിഷ കെ.എസ്., കാഷ്വൽ സ്വീപ്പർ, തോമാട്ടുചാൽ വില്ലേജ് ഓഫീസ്, വയനാട്.

(ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (26.09.2023 ലെ 2476483/EXP-C2/49/2023-FIN നമ്പർ റിമാർക്സ് പ്രകാരം)
നിയമ വകുപ്പ്( 02.08.2023 ലെ OPN-G2/130/2023-LAW നമ്പർ റിമാർക്സ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്. (28.11.2023 ലെ 1896-ാം നമ്പർ ഇനം പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/51/2023-REV )

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 30-11-2023 18:35:41

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. -ന്
ബഹു. റവന്യൂ മന്ത്രിയുടെ പി. എസ് -ന്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-11-2023

ഫയൽ നം.റവ-റ്റി1/152/2017-റവ. ഇനം നം: 1895

വിഷയം : റവന്യു വകുപ്പ് - ബഹു. ഹൈക്കോടതിയുടെ OP(KAT) 388/2019 നമ്പർ കേസിലെ 30.01.2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ സർവ്വേ സൂപ്രണ്ട് ഓഫീസ് (ALC)-യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി. ബി. ശ്രീകുമാരി അമ്മയെയും ശ്രീമതി. എൻ. സാനുമതിയെയും 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

28/11

1895

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-റ്റി1/152/2017-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു: ഹൈക്കോടതിയുടെ OP(KAT) 388/2019 നമ്പർ കേസിലെ 30.01.2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ സർവ്വേ സൂപ്രണ്ടോഫീസ് (ALC)-യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഒരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ബി.ശ്രീകുമാരി അമ്മയെയും ശ്രീമതി എൻ.സാനുമതിയെയും 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24.10.2023 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 07.11.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.11.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16.11.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.11.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ബഹു. ഹൈക്കോടതിയുടെ OP(KAT) 388/2019 നമ്പർ കേസിലെ 30.01.2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ സർവ്വേ സൂപ്രണ്ടോഫീസ് (ALC)യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഒരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക വീതം സൃഷ്ടിച്ച്, നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ബി.ശ്രീകുമാരി അമ്മയെയും ശ്രീമതി എൻ.സാനുമതിയെയും 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ബി.ശ്രീകുമാരി അമ്മ 1991 ഡിസംബർ മാസം മുതലും ശ്രീമതി എൻ.സാനുമതി 1997 നവംബർ മാസം മുതലും യഥാക്രമം നെയ്യാറ്റിൻകര താലൂക്കിൽ സർവ്വേ സൂപ്രണ്ടോഫീസ് (ALC) യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വരുന്നു. (ALC) സർവ്വേ സൂപ്രണ്ടോഫീസിലെയും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലെയും സ്വീപ്പിങ് ഏര്യ യഥാക്രമം 266.76 ച. മീ. ഉം 158.016 ച. മീ. ഉം ആയിരുന്നു. എന്നാൽ പ്രസ്തുത ഓഫീസുകൾ താൽക്കാലിക സംവിധാനമായതിനാൽ ടി ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുകയോ ടിയാൾക്കാരെ സ്ഥിരപ്പെടുത്തുകയോ ചെയ്തിരുന്നില്ല. എങ്കിലും ഇവർക്ക് പാർട്ട് ടൈം സ്വീപ്പറുടെ വേതനമാണ് നൽകുന്നത്.

3. തുടർന്ന് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ശ്രീകുമാരി അമ്മയും ശ്രീമതി സാനുമതിയും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM) 760/17 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ 02.12.2017 ന് പുറപ്പെടുവിച്ച ഉത്തരവിൽ, 25.11.2005 ലെ സ.ഉ.(പി)നം. 501/2005/ധന ഉത്തരവ് പ്രകാരം അപേക്ഷകർ സ്ഥിരപ്പെടുത്തലിന് അർഹരാണെന്ന് നിരീക്ഷിക്കുകയും ബഹു. ട്രൈബ്യൂണൽ ഉത്തരവ് കിട്ടി രണ്ടാഴ്ചയ്ക്കകം ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും അപേക്ഷകരെ സ്ഥിരപ്പെടുത്തുന്നതിനുമുള്ള പ്രൊപ്പോസൽ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് സഹിതം ലഭ്യമാക്കുവാനും പ്രസ്തുത പ്രൊപ്പോസലുകൾ ലഭ്യമായി ഒരു മാസത്തിനകം ഡയറക്ടറുടെ ശിപാർശയോടെ സർക്കാരിലേയ്ക്ക് അയയ്ക്കുവാൻ സർവ്വേ

ഡയറക്ടർക്കും, ടി പ്രൊപ്പോസൽ കിട്ടി രണ്ട് മാസത്തിനകം വിധിന്യായത്തിലെ നിർദ്ദേശാനുസരണം ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 09.02.2010 ലെ സ.ഉ.(പി)നം.61/2010/ധന ഉത്തരവ് പ്രകാരം താൽക്കാലിക സംവിധാനങ്ങളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ OA(EKM) 760/17 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ 02.12.2017 ലെ ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ 388/19 നമ്പർ OP(KAT) ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത അപ്പീൽ, 30.01.2023 ന് പരിഗണിച്ച ബഹു. ഹൈക്കോടതി, ഈ വിഷയം O.P.(KAT) 15/2022 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പരിശോധിച്ചിട്ടുണ്ടെന്നും പ്രസ്തുത വിധിന്യായത്തിലെ കണ്ടെത്തലുകൾ ഈ കേസിലും ബാധകമാക്കേണ്ടതാണെന്നും നിരീക്ഷിച്ചുകൊണ്ട് പ്രസ്തുത അപ്പീൽ തള്ളുകയുണ്ടായി. വാടക കെട്ടിടത്തിൽ/താല്ക്കാലിക സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാർക്ക് ക്രമവൽക്കരണത്തിന് അർഹതയില്ലെന്ന വാദം O.P.(KAT) 421/2019 നമ്പർ കേസിലെ 15.01.2020 ലെ വിധിന്യായം പ്രകാരം ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് നിരാകരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയാണ് O.P.(KAT) 15/2022 നമ്പർ അപ്പീൽ ടി കേസിലെ കാഷ്വൽ സ്വീപ്പർക്ക് അനുകൂലമായി വിധിച്ചിട്ടുള്ളത്.

4. തുടർന്ന് O.P.(KAT) No. 388/2019 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 30.01.2023 ലെ വിധി നടപ്പിലാക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" A.D is requested to seek the further remarks of Law Dept inviting attention to that Department's earlier remarks and to take a decision as regards compliance of the court order."

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ, ഇക്കാര്യത്തിൽ നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

"നോട്ട് 88 ൽ നിയമ വകുപ്പ് നല്കിയിരിക്കുന്ന മുൻ അഭിപ്രായത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് OP(KAT)No. 388/19 നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 30.01.2023-ലെ വിധിന്യായം നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായത്തിനായാണ് ഫയൽ ലഭ്യമാക്കിയിരിക്കുന്നത്.

ശ്രീമതി ശ്രീകുമാരി അമ്മ, ശ്രീമതി സാനുമതി എന്നിവർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 760/17 നമ്പർ കേസിൽ ബഹു കോടതി താഴെപ്പറയും പ്രകാരം വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

"There will be a direction to the second respondent to call for a proposal from the concerned offices for creation of a post of regular part time sweeper in the above offices i.e Re-survey office and Head Surveyor No.2, Re-survey, Neyyattinkara. This shall be called for within two weeks from the date of receipt of a copy of this order and it shall be ensured that the proposal is received within a further period of two weeks. On receipt of such proposal along with the proposal for regularisation of the applicants, the same shall be forwarded to the first respondent with due recommendation and the necessary sweeping area certificate. This shall be forwarded within a further period of one month. The first respondent on receipt of the above proposal for creation of post and regularisation of the applicants, shall pass orders thereon in accordance with the directions contained herein within a further period of two months therefrom. Original application is accordingly allowed"

മേൽ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് നിയമ (സ്യൂട്ട്) വകുപ്പിന്റെ അഭിപ്രായമാരായുകയും റീ സർവ്വേ സൂപ്രണ്ടിന്റേയും ഹെഡ് സർവ്വേയറുടേയും ഓഫീസുകളിലെ ഉദ്യോഗസ്ഥർ ഒരു പ്രത്യേക ലക്ഷ്യത്തിനും ഒരു പ്രത്യേക കാലയളവിലേക്കുമായതിനാൽ Pinaki Chatterjee's case, State of Kerala and Another V T.C. Valsamma and Others (2010(2) KHC 34) എന്നീ കേസുകളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരുടെ സർവ്വീസ് സ്ഥിരപ്പെടുത്തേണ്ടതില്ല എന്നും OA(EKM) 760/17 നമ്പർ കേസിലെ ഉത്തരവിനെതിരെ അപ്പീൽ ന് ശിപാർശ ചെയ്യുന്നതായും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും റീ സർവ്വേ

സൂപ്രണ്ടിന്റേയും ഹെഡ് സർവ്വേയറുടേയും ഓഫീസുകൾ ഒരു പ്രത്യേക ലക്ഷ്യത്തിനും ഒരു പ്രത്യേക കാലയളവിലേക്കാണോ എന്നത് സംബന്ധിച്ച് ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ് എന്നും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

OA(EKM) 760/17 നമ്പർ കേസിന്റെ 21.12.17 ലെ വിധി ന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT) 388/19 നമ്പർ അപ്പീലിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച issue O.P (KAT) No.15 of 2022 നമ്പർ കേസിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നും പ്രസ്തുത കേസിലെ പ്രസ്തുത കണ്ടെത്തലുകൾ ഈ കേസിലും ബാധകമാക്കേണ്ടതാണ് എന്നും ആയതിനാൽ ഒറിജിനൽ പെറ്റീഷൻ റദ്ദ് ചെയ്ത് ബഹു കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

ബഹു. ഹൈക്കോടതിയുടെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റീ സർവ്വേ സൂപ്രണ്ടിന്റേയും ഹെഡ് സർവ്വേയറുടേയും ഓഫീസുകളിൽ റഗുലർ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച് ശ്രീമതി ശ്രീകുമാരി അമ്മ, ശ്രീമതി സാനുമതി എന്നിവരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച OA(EKM) 760/17 നമ്പർ കേസിന്റെ 21.12.17 ലെ വിധിന്യായം നടപ്പിലാക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര സർവ്വേ സൂപ്രണ്ടോഫീസ് (ALC) യിലും നെയ്യാറ്റിൻകര ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഹർജിക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള പ്രൊപ്പോസൽ, സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ് എന്നിവ സർവ്വേ ഡയറക്ടറിൽ നിന്നും ലഭ്യമാക്കുകയുണ്ടായി. തുടർന്ന് ശ്രീമതി ബി.ശ്രീകുമാരി അമ്മയും ശ്രീമതി എൻ.സാനുമതിയും യഥാക്രമം 1991,1997 മുതൽ തുടർച്ചയായി ടി ഓഫീസുകളിൽ സേവനമനുഷ്ഠിച്ച് വരുന്നതിനാലും പ്രസ്തുത ഓഫീസുകളുടെ സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ കൂടുതലായതിനാലും G.O.

(P)501/2005/Fin ഖണ്ഡിക **11** പ്രകാരം പ്രസ്തുത ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരായ ടിയാൾക്കാരെ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

> "ശ്രീമതി ശ്രീകുമാരി അമ്മ 1991 ഡിസംബർ മാസം മുതലും ശ്രീമതി സാനുമതി 1997 നവംബർ മാസം മുതലും യഥാക്രമം നെയ്യാറ്റിൻകര സർവ്വേ സൂപ്രണ്ട് ഓഫീസ് (ALC) യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വരുന്നതായും ടി ഓഫീസുകൾക്ക് 100 ച.മീറ്ററിലധികം സ്വീപ്പിംഗ് ഏര്യ ഉള്ളതായും സർവ്വേ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ 25/11/2005 തീയതിയിലെ G O (P) No.501/2005/Fin നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പോലെ 18.06.2001/ നിയമിക്കപ്പെട്ട തിയതി ഇവയിൽ അവസാനം വരുന്നതായ 18.06.2001 തീയതി മുതൽ പ്രാബല്യത്തിൽ നെയ്യാറ്റിൻകര സർവ്വേ സൂപ്രണ്ട് ഓഫീസ് (ALC)-ലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക വീതം സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പർമാരായ യഥാക്രമം ശ്രീമതി ശ്രീകുമാരി അമ്മയെയും ശ്രീമതി സാനുമതിയെയും സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച് കൊണ്ട് OA(EKM) 760/17 നമ്പർ കേസിന്റെ 21.12.17 ലെ വിധിന്യായം നടപ്പിലാക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. മേൽ സാഹചര്യത്തിൽ, O.P.(KAT) No. 388/2019 നമ്പർ അപ്പീലിൽ ബഹു. കേരളാ ഹൈക്കോടതിയുടെ 30.01.2023 ലെ വിധിന്യായം നടപ്പിലാക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ സർവ്വേ സൂപ്രണ്ടോഫീസ് (ALC) യിലും, ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് യഥാക്രമം നിലവിലെ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ബി.ശ്രീകുമാരി അമ്മയെയും ശ്രീമതി എൻ.സാനുമതിയെയും 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ട്.

8. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

OP(KAT) 388/2019 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 30.01.2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ സർവ്വേ സൂപ്രണ്ടോഫീസ് (ALC)യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് യഥാക്രമം നിലവിലെ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ബി.ശ്രീകുമാരി അമ്മയെയും ശ്രീമതി എൻ.സാനുമതിയെയും 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?

Government of Kerala
(Sri.Pinarayi Vijayan Ministry)
# NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | RD-T1/152/2017-RD |
| 2 | Department | Revenue (T) Department |
| 3 | Subject | Regularisation of the service of Smt. B. Sreekumari Amma and Smt. N. Sanumathi., Casual Sweepers in Survey Superintendent Office (ALC) and Head Surveyor Number 2 Office respectively at Neyyattinkara Taluk in Thiruvananthapuram District, with effect from 18.06.2001 by creating a post of Part Time Sweeper each in the said offices and granting consequential benefits in accordance with the Judgment of the Hon'ble High Court of Kerala dated 30.01.2023 in OP(KAT) 388/2019-reg. |
| 4 | Date of Chief Minister's order for placing before the Council | 24.10.2023 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes., Law Department |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8 | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 07.11.2023 |
| 10 | Name of Chief Secretary who approved the Draft Note | Dr.Venu V. |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 13.11.2023 |
| 12 | Name of Minister who approved the Draft Note | Sri. K. Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 16.11.2023 |
| 14 | Date of submission of fair copies | 21.11.2023 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

## NOTE FOR THE COUNCIL OF MINISTERS

This note relates to the regularisation of the services of Smt. B. Sreekumari Amma and Smt. N. Sanumathi, the existing Casual Sweepers in Re-Survey Superintendent office (ALC) and Head Surveyor Number 2 office at Neyyattinkara Taluk in Thiruvananthapuram District respectively, with effect from 18.06.2001 by creating a post of Part Time Sweeper each in the said offices and granting consequential benefits to them in accordance with the Judgment of the Hon'ble High Court of Kerala dated 30.01.2023 in OP(KAT) 388/2019.

2. Smt. B. Sreekumari Amma has been working as Casual Sweeper at Survey Superintendent office (ALC) Neyyattinkara from December 1991 onwards and Smt. N. Sanumathi has been working as Casual Sweeper at Head Surveyor Number 2 office at Neyyattinkara Taluk since November 1997. The sweeping areas of Survey Superintendent office (ALC) Neyyattinkara and Head Surveyor Number 2 office are 266.76 Sq. m. and 158.016 Sq.m. respectively. But posts of Part Time sweepers were neither created in the said offices nor the applicants were regularised since the said offices were temporary establishments, which were created for specific purposes. However they have been given remuneration admissible to that of Part Time Sweeper.

3. Subsequently, Smt. Sreekumari Amma and Smt. Sanumathi had jointly filed OA(EKM)760/17 before the Hon'ble Kerala Administrative Tribunal seeking regularisation of their services as Part Time Sweeper. The Hon'ble Tribunal in its order dated 02.12.2017 in the said case, has observed that they are entitled to be regularised as per G.O.(P)No. 501/2005/Fin dated 25.11.2005 and directed the Director of Survey and Land Records to call for a proposal from the concerned offices for creation

of a post of regular Part Time Sweeper in the Re-Survey Office and Head Surveyor No.2 Office, Neyyattinkara within two weeks from the date of receipt of a copy of the Order and on receipt of such proposal the same shall be forwarded to Government with due recommendation for regularisation along with sweeping area certificate within a further period of 2 weeks and further directed Government to pass orders thereon in accordance with the direction contained in the order within a further period of two months therefrom. But Government had filed OP(KAT) 388/19 against the order of Hon'ble Tribunal dated 02.12.2017 in OA(EKM)760/17 since temporary establishments shall not be eligible for the creation of post of Part Time Sweeper in view of G.O.(P) No. 61/2010/Fin dated 09.02.2010. The said appeal was considered on 30.01.2023 and the Hon'ble High Court of Kerala dismissed the same observing that the said issue was already covered by the judgment of the Division Bench of the Hon'ble High Court in OP(KAT)15/2022 and held that the findings in the said judgment will be applicable to this case also. OP(KAT)No.15/2022 was disposed of in favour of the Casual Sweeper therein by relying on Judgment of Hon'ble High Court in OP(KAT)421/2019 dated 15.01.2020, in which the plea regarding the non entitlement of regularisation of Casual Sweepers, who are working in temporary establishment/offices functioning in rental buildings has been repelled.

4. Subsequently, the Finance Department has opined as follows in the matter of complying with the Judgment of Hon'ble High Court dated 30.01.2023 in O.P.(KAT) No. 388/2019.

> " A.D is requested to seek the further remarks of Law Dept inviting attention to that Department's earlier remarks and to take a decision as regards compliance of the court order."

5. In the light of the opinion of the Finance Department, the Law Department has offered the following remarks.

"നോട്ട് 88 ൽ നിയമ വകുപ്പ് നല്കിയിരിക്കുന്ന മുൻ അഭിപ്രായത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് OP(KAT)No. 388/19 നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 30.01.2023-ലെ വിധിന്യായം നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായത്തിനായാണ് ഫയൽ ലഭ്യമാക്കിയിരിക്കുന്നത്.

ശ്രീമതി ശ്രീകുമാരി അമ്മ, ശ്രീമതി സാന്ദമതി എന്നിവർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 760/17 നമ്പർ കേസിൽ ബഹു കോടതി താഴെപ്പറയും പ്രകാരം വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

"There will be a direction to the second respondent to call for a proposal from the concerned offices for creation of a post of regular part time sweeper in the above offices i.e Re-survey office and Head Surveyor No.2, Re-survey, Neyyattinkara. This shall be called for within two weeks from the date of receipt of a copy of this order and it shall be ensured that the proposal is received within a further period of two weeks. On receipt of such proposal along with the proposal for regularisation of the applicants, the same shall be forwarded to the first respondent with due recommendation and the necessary sweeping area certificate. This shall be forwarded within a further period of one month. The first respondent on receipt of the above proposal for creation of post and regularisation of the applicants, shall pass orders thereon in accordance with the directions contained herein within a further period of two months therefrom. Original application is accordingly allowed"

മേൽ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് നിയമ (സ്യൂട്ട്) വകുപ്പിന്റെ അഭിപ്രായമാരായുകയും റീ

സർവ്വേ സൂപ്രണ്ടിന്റേയും ഹെഡ് സർവ്വേയറുടേയും ഓഫീസുകളിലെ ഉദ്യോഗസ്ഥർ ഒരു പ്രത്യേക ലക്ഷ്യത്തിനും ഒരു പ്രത്യേക കാലയളവിലേക്കുമായതിനാൽ Pinaki Chatterjee's case, State of Kerala and Another V T.C. Valsamma and Others (2010(2) KHC 34) എന്നീ കേസുകളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരുടെ സർവ്വീസ് സ്ഥിരപ്പെടുത്തേണ്ടതില്ല എന്നും OA(EKM) 760/17 നമ്പർ കേസിലെ ഉത്തരവിനെതിരെ അപ്പീൽ ന് ശിപാർശ ചെയ്യുന്നതായും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും റീ സർവ്വേ സൂപ്രണ്ടിന്റേയും ഹെഡ് സർവ്വേയറുടേയും ഓഫീസുകൾ ഒരു പ്രത്യേക ലക്ഷ്യത്തിനും ഒരു പ്രത്യേക കാലയളവിലേക്കാണോ എന്നത് സംബന്ധിച്ച് ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ് എന്നും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

OA(EKM) 760/17 നമ്പർ കേസിന്റെ 21.12.17 ലെ വിധി ന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT) 388/19 നമ്പർ അപ്പീലിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച issue O.P (KAT) No.15 of 2022 നമ്പർ കേസിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നും പ്രസ്തുത കേസിലെ പ്രസ്തുത കണ്ടെത്തലുകൾ ഈ കേസിലും ബാധകമാക്കേണ്ടതാണ് എന്നും ആയതിനാൽ ഒറിജിനൽ പെറ്റീഷൻ റദ്ദ് ചെയ്ത് ബഹു കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

ബഹു. ഹൈക്കോടതിയുടെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റീ സർവ്വേ സൂപ്രണ്ടിന്റേയും ഹെഡ് സർവ്വേയറുടേയും ഓഫീസുകളിൽ റഗുലർ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച് ശ്രീമതി ശ്രീകുമാരി അമ്മ, ശ്രീമതി സാനുമതി എന്നിവരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച OA(EKM) 760/17 നമ്പർ കേസിന്റെ 21.12.17 ലെ വിധിന്യായം നടപ്പിലാക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. Based on the opinion of the Law Department, proposals in the prescribed format for regularising the services of the applicants by creating a post of Part Time Sweeper each at Survey Superintendent office (ALC) and Head Surveyor Number 2 office at Neyyattinkara Taluk along with Sweeping Area Certificate have been obtained from the Director of Survey and Land Reords. As the applicants have continuous service from 1991 & 1997 onwards and the offices, where they have been engaged having sweeping area beyond 100 sq.m., the opinion of Law Department was again asked in the matter of regularising the service of existing Casual Sweepers, Smt. Sreekumari Amma and Smt. Sanumathi in the said offices with effect from 18.06.2001, in accordance with para 11 of G.O.(P)No. 501/2005/Fin dated 25.11.2005 and the said department has opined as follows.

"ശ്രീമതി ശ്രീകുമാരി അമ്മ 1991 ഡിസംബർ മാസം മുതലും ശ്രീമതി സാനുമതി 1997 നവംബർ മാസം മുതലും യഥാക്രമം നെയ്യാറ്റിൻകര സർവ്വേ സൂപ്രണ്ട് ഓഫീസ് (ALC) യിലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വരുന്നതായും ടി ഓഫീസുകൾക്ക് 100 ച.മീറ്ററിലധികം സ്വീപ്പിംഗ് ഏര്യ ഉള്ളതായും സർവ്വേ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ 25/11/2005 തീയതിയിലെ G.O.(P) No.501/2005/Fin നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പോലെ 18.06.2001/ നിയമിക്കപ്പെട്ട തിയതി ഇവയിൽ അവസാനം വരുന്നതായ 18.06.2001 തീയതി മുതൽ പ്രാബല്യത്തിൽ നെയ്യാറ്റിൻകര സർവ്വേ സൂപ്രണ്ട് ഓഫീസ് (ALC)-ലും ഹെഡ് സർവ്വേയർ നമ്പർ 2 ഓഫീസിലും ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക വീതം സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പർമാരായ യഥാക്രമം ശ്രീമതി ശ്രീകുമാരി അമ്മയെയും ശ്രീമതി സാനുമതിയെയും സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച് കൊണ്ട്

OA(EKM)760/17 നമ്പർ കേസിന്റെ 21.12.17 ലെ വിധിന്യായം നടപ്പിലാക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. In the above circumstance, the services of Smt. B. Sreekumari Amma and Smt. N. Sanumathi, Casual Sweepers at Survey Superintendent office (ALC) and Head Surveyor Number 2 office at Neyyattinkara Taluk in Trivandrum District have to be regularised with effect from 18.06.2001 by creating a post of Part Time Sweeper each in the said offices with consequential benefits if any, in order to comply with the Judgment of the Hon'ble High court dated 31.01.2023 in O.P.(KAT) No. 388/2019.

8. When circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

## Point for decision

Whether the services of Smt. B. Sreekumari Amma and Smt. N. Sanumathi, Casual Sweepers in Survey Superintendent office (ALC) and Head Surveyor Number 2 office at Neyyattinkara Taluk in Trivandrum District respectively may be regularised with effect from 18.06.2001, by creating a post of Part Time Sweeper in each of the said offices and consequential benefits if any, may be granted to them in accordance with the Judgment of the Hon'ble High Court dated 30.01.2023 in OP(KAT) 388/2019 ?